ഭരണഭാഷ – മാതൃഭാഷ

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,

തൊഴിൽ ഭവൻ

തിരുവനന്തപുരം.33

നം.ഡിറ്റി/5281/2024-എ5 തീയതി :30-11-2024

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ സ്ഥാപന മേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേനെ)

സർ,

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2019-21) യുടെ രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 16-ലെ പൊതുശിപാർശകളിന്മേലുള്ള നടപടികൾ -സംബന്ധിച്ച്.

സൂചന:- തൊഴിലും നൈപുണ്യവും (സി) വകുപ്പിൽ നിന്നുള്ള 21-11-2024 ലെ സി4/212/2024/തൊഴിൽ നമ്പർ കത്ത്

കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2019-21) യുടെ രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 16-ലെ പൊതുശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച സൂചന കത്ത് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

MINI MATHEW, ADT -DTTVPM, O/O ADT DTTVPM

ഉള്ളടക്കം : മേൽപ്പറഞ്ഞവ.

പകർപ്പ്.

ആസ്ഥാന കാര്യാലയത്തിലെ എല്ലാ സെക്ഷൻ സുപ്രണ്ടുമാർക്കും.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സി4/212/2024/തൊഴിൽ

21-11-2024,തിരുവനന്തപുരം

ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം
22 NOV 2024
തൊഴിൽ ഭവൻ, വികാസ് ഭവൻ തിരുവനന്തപുരം

ഗവൺമെന്റ് സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - ഹർജികൾ സംബന്ധിച്ച സമിതി (2023-26) - രണ്ടാമത് റിപ്പോർട്ട് സർക്കാർ ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നത് -നടപടി റിപ്പോർട്ട് - സംബന്ധിച്ച്

സൂചന:- നിയമസഭ സെക്രട്ടറിയുടെ 12/09/2024 തീയതിയിലെ 12330/ഹർജി 3/2022/നി.സെ നമ്പർ കത്ത്.

കേരള നിയമസഭയുടെ കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2019-21) യുടെ രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക-16-ലെ ശുപാർശയിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് എത്രയും വേഗം സർക്കാരിൽ സമർപ്പിക്കുവാൻ അഭ്യർത്ഥിച്ച് കൊണ്ട് ആയതിന്റെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

I
22.11.24

22/11/24

വിശ്വസ്തതയോടെ,
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

22/11/24

Signed by
Usha Rani L
സെക്ഷൻ ഓഫീസർ
Date: 21-11-2024 17:38:26

പതിനാലാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി (2016-2019)

## രണ്ടാമത് റിപ്പോർട്ട്

(2018 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്]**

671/2018.

നിയമവിരുദ്ധവുമായ പ്രവൃത്തികൾക്ക് അവർ സർവ്വീസിൽ നിന്നും വിരമിച്ചു കഴിഞ്ഞാൽ സർവ്വീസ് ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇത് നിയമവ്യവസ്ഥയിലെ ഒരു പോരായ്മയായി സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ സർവ്വീസിൽ നിന്നും വിരമിച്ചാലും സർവ്വീസിലിരിക്കെ ഉദ്യോഗസ്ഥർ ചെയ്യുന്ന ക്രമവിരുദ്ധവും നിയമവിരുദ്ധവുമായ പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ KSR Part III റൂൾ 59 ഭേദഗതി ചെയ്ത് അടിയന്തരമായി SRO പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

16. നിസ്സാരമായ അതിര് തർക്കങ്ങൾ, വിവിധ ക്ഷേമ പെൻഷനുകൾക്കു വേണ്ടിയുള്ള അപേക്ഷകൾ തുടങ്ങി ജില്ല/താലൂക്ക്/പഞ്ചായത്ത് തലങ്ങളിൽ പരിഹരിക്കുവാൻ കഴിയുന്ന പല പരാതികളും സമിതിയുടെ പരിഗണനയ്ക്ക് വരുന്നുണ്ട്. ജീവനക്കാർ ആത്മാർത്ഥതയോടെ ശ്രമിച്ചാൽ പരിഹാരം കാണുവാൻ സാധിക്കുന്ന അപേക്ഷകളാണ് ഏറിയ പങ്കുമെന്ന് സമിതി വിലയിരുത്തുന്നു. നീതി നിഷേധിക്കപ്പെടുന്നവരുടെ അവസാന ആശ്രയമായി സമിതി മാറുന്നതിൽ സമിതിക്ക് അഭിമാനമുണ്ട്. എങ്കിലും ജില്ല/താലൂക്ക്/ പഞ്ചായത്ത് തലങ്ങളിൽ പരിഹരിക്കുവാൻ കഴിയുന്ന പല പരാതികളും സമിതിക്ക് മുന്നിലെത്തുന്നതിൽ സർക്കാർ വകുപ്പുകളോട് സമിതിക്കുള്ള അതൃപ്തി രേഖപ്പെടുത്തുന്നു. സർക്കാർ ജീവനക്കാർക്ക് പൊതുജനങ്ങളോടുള്ള സമീപനത്തിൽ ഗുണപരമായ മാറ്റം അനിവാര്യമാണെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കൂടുതൽ ജനസൗഹൃദങ്ങൾ ആകുന്നതിനായി ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ ആലോചിയ്ക്കേണ്ടതാണ്. ആയതിനാൽ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവുമായും പ്രവർത്തിച്ച് പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
2018 മാർച്ച് 20.

രാജു എബ്രഹാം,
*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*